
# ന൯ൂ പു രം



ജി എച്ച് എസ് എസ് പാല

ലിറ്റിൽ കൈറ്റ്സ് 2019-20

# സന്ദേശം



പാല ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ "നൂപുരം" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഒരുപാട് സന്തോഷം. ഈ മാഗസിൻ ഒരു മധുര നാദമായി നിൽക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ തൊട്ടുണർത്താൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും, അവർ പ്രകാശനം ചെയ്യാൻ പോകുന്ന മാഗസിനും ഹൃദയം നിറഞ്ഞ ആശംസകൾ

അഡ്വ. സണ്ണി ജോസഫ് എം.എൽ.എ

പേരാവൂർ



# സന്ദേശം

വിളി ......മറുവിളി .....അറിവ്...... നെറിവ്......
കാഴ്ച.......കേൾവി.......തിരിച്ചറിവ് .....
കലാലയം.....ഓർമ്മ.....നന്മ ......
കുട്ടികൾ...വരകൾ...നിറങ്ങൾ.....
കൗമാരത്തിന്റെ സർഗ്ഗസാക്ഷ്യത്തിന്......
നൂപുരത്തിന് ആശംസകൾ......

ബാബു ജോസഫ്
പ്രസിഡന്റ്, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

# സന്ദേശം



പുതുവർഷത്തിൽപുത്തൻപ്രതീക്ഷകളുമായിലക്ഷ്യബോധത്തോടെ മുന്നേറുന്ന പാലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്ക്രൂൾ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ നന്മകളും നേരുന്നു. പുതിയ കാലത്തിനനുയോജ്യമായ രീതിയിൽ സ്വയം സജ്ജരാകാനും സമൂഹത്തെ പ്രാപ്തരാക്കാനും നിങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് കഴിയണം. ക്ലബ്ബിന് നേതൃത്വം നൽകുന്ന സാരഥികൾക്കും ഒപ്പം മുന്നേറുന്ന അംഗങ്ങൾക്കും മാഗസിനും ഹയർസെക്കൻഡറി വിഭാഗത്തിന്റെ ആത്മാർത്ഥമായ ആശംസകൾ

വനജാക്ഷി എം
പ്രിൻസിപ്പാൾ, GHSS പാല

# സന്ദേശം



2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻകുഞ്ഞുമനസ്സുകളുടെ സർഗാത്മകത പ്രകടിപ്പിക്കാനുള്ളവേദിയാണ്. "നൂപുരം "എല്ലാവരിലും ഒരു നാദമായ് മുഴങ്ങട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു

കെ.ആർ വിനോദിനി

ഹെഡ്മിസ്ട്രസ്സ് GHSS പാല

# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ സംരംഭമായ "നൂപുരം "ഡിജിറ്റൽ മാഗസിൻ കുഞ്ഞു ഭാവനകളുടെ ചിറകിലേറി പറക്കാനൊരുങ്ങുകയാണ്....... നൂപുരത്തിന്റെ നന്മയും നാദവും എല്ലാവരിലും നിറയട്ടെ..... ആത്മാർത്ഥമായആശംസകൾ.....

അബ്ദുൾ അസീസ് സി
സീനിയർ സ്റ്റാഫ്

# സന്ദേശം

വിവരസങ്കേതിക വിദ്യയുടെ നൂതന അറിവുകൾ നമ്മുടെ കുട്ടികൾക്ക് സമ്മാനിച്ചുകൊണ്ട് മുന്നേറുന്ന ലിറ്റിൽ കൈറ്റ്സിന്റെ സംരഭമായ "**നൂപുരം** " മാഗസിന്എല്ലാവിധഭാവുകങ്ങളുംനേരുന്നു.

**വിനീന്ദ്രൻ കെ**

പ്രസിഡണ്ട് PTA

# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ :വിനോദിനി കെ. ആർ
(ഹെഡ്മിസ്ട്രസ് )

സ്റ്റാഫ് എഡിറ്റർ : ശാലിനി കെ വി

സ്റ്റുഡന്റ് എഡിറ്റേഴ്സ് : ശ്രേയ.എൻ.രാം
: നിരഞ്ജന.വി എസ്സ്

ടൈപ്പിംഗ് : ലിറ്റിൽ കൈറ്റ്സ്

ലെ ഔട്ട് & ഡിസൈൻ : റോയി സെബാസ്റ്റ്യൻ
: പ്രസീത കെ വി



# എഡിറ്റോറിയൽ



വാക്കുകൾ അക്ഷരക്കൂട്ടങ്ങളാണ്. വക്കപൊടിയാതെ അരിക് ഉടയാതെ ചേർത്ത് വെച്ച് കൂടെ നിർത്തുമ്പോൾ ആശയങ്ങൾക്ക് അർത്ഥമുണ്ടാകുന്നു അർത്ഥവ്യത്യാസമുണ്ടാകുന്നു.

ചാഞ്ഞുകിടക്കുന്ന നെല്ലിമരത്തിന്റെ ഇടയിലൂടെ പതഞ്ഞുപൊങ്ങുന്ന പൊടിക്കാറ്റ് എന്തൊക്കെയോ മൂടിക്കളയുന്നു. കാലങ്ങളായി കൊത്തിനിർത്തപ്പെട്ട ചുവരെഴുത്തിലെ വ്യക്തത....... എന്നോ ഏതോ കാലം മുതൽ കാത്തു സൂക്ഷിക്കപ്പെട്ട പൈതൃകെ സംസ്കാരം.....

അതെ .....ഇന്ന് എല്ലാം അവ്യക്തമാണ്
വർഷങ്ങൾതോറും മാറിയും മറഞ്ഞും കണ്ണു പൊത്തിക്കളിക്കുന്ന വൈറസുകളെപ്പോലെ......
കരയും കടലും വഴിമാറ്റപ്പെടുമ്പോൾ
മതവും മാനവും കളിപ്പാട്ടങ്ങള്ക്കപ്പെടുന്നു......
അധികാരം അഹങ്കാമാകുമ്പോൾ
അസഹിഷ്ണുത പൊട്ടിത്തെറികളാകുന്നു
ഉണരാം നമുക്ക് ഇനിയെങ്കിലും ഇപ്പോഴെങ്കിലും
ഒരു നല്ല നാളേക്ക്..........
നന്മയും സ്നേഹവും സൗഹൃദവും കൂടെപ്പിടിക്കുന്ന ഒരു മനസ്സുമായ്....
അക്ഷരങ്ങളുടെ,വർണ്ണങ്ങളുടെ,വരകളുടെ
ലോകത്തേക്ക്..................
നുപുരധ്വനികൾക്കൊപ്പം.............................



# എഡിറ്റോറിയൽ ബോർഡ്





# നാൾ വഴികളിലൂടെ...

1924 ൽ പാലാ പ്രദേശത്ത് സ്ഥാപിതമായ ബോർഡ് ബോയ്സ്കൂളായ പാലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. പാലാ സ്കൂളാണ് മുഴക്കുന്ന് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളത്. ഇന്നത് വളർന്ന ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ആയിരിക്കുന്നു. മൂവായിരത്തോളം വിദ്യാർത്ഥികൾ ഇന്നിവിടെ പഠിക്കുന്നുണ്ട്. പഠനപഠ്യേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നു. അതുപോലെ തന്നെ കായിക രംഗത്ത് നിരവധി അന്താരാഷ്ട്ര താരങ്ങളെ സംഭാവന ചെയ്യുവാനും ഈ വിദ്യാലയത്തിന് സാധിച്ചു. പുല്ലാഞ്ഞോട് കുന്നുമ്മൽ നാരായണൻ നമ്പ്യാരുടെ വീടിനോട് ചേർന്ന് ഒരു ഷെഡ്ഡിലായിരുന്നു പാലാ സ്കൂളിൻറെ തുടക്കം. പിന്നീട് കാക്കയങ്ങാട് മായന്റെ മലഞ്ചരക്ക് സ്ഥാപനത്തിന്റെ മുകളിലത്തെ ഒരു കെട്ടിടത്തിലായിരുന്നു. പിന്നീട് പാലാ സ്കൂളിനായി കെ കെ ഗോവിന്ദൻ നമ്പ്യാരായിരുന്നു മൂന്നേക്കർ രണ്ടു സെൻറ് സ്ഥലം സൗജന്യമായി നൽകിയത്. 1950 ൽ ഈ വിദ്യാലയം ബോർഡ് യുപി സ്കൂളായി മാറി. 1976 ൽ ഹൈസ്കൂളായും , രണ്ടായിരത്തിൽ ഹയർ സെക്കന്ററി സ്കൂളും ആയി മാറി .ഇന്ന് ഈ വിദ്യാലയം സമീപ പ്രദേശത്തുള്ള ഏതു വിദ്യാലയങ്ങളെക്കാളും തല എടുപ്പോടെ നിരവധി കരുന്നുകൾക്ക് അറിവിന്റെ വെളിച്ചം പകരുന്ന .കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഏറ്റവും നൂതനമായ രീതിയിലൂടെ കുട്ടികളിലേക്ക് അറിവിന്റെ വെളിച്ചം പകർന്ന് നൽകുന്ന .നിരവധി പാഠ്യേതര, സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപട്ടുകൊണ്ട് ഒരു നന്മ മരമായി , ഈ പ്രദേശത്തിന്റെ അഭിമാനമായി ഈ വിദ്യാലയം നിലകൊള്ളുന്നു. പി ടി എ യുടെ

നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 65 കുട്ടികളുള്ള പ്രീപ്രൈമറി വിഭാഗവും ഇവിടെ ഉണ്ട് . ഐ ടി @ സ്കൂളിന്റെ ഐ.സി.ടി മോഡൽ സ്കൂളായി പേരാവൂർ മണ്ഡലത്തിൽ നിന്നും GHSS പാല തിരഞ്ഞെടുക്കപ്പെട്ടു. കേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ വിദ്യാലയം.അഞ്ചുവർഷം കൊണ്ട് എല്ലാ മേഖലയിലും രാജ്യാന്തര നിലവാരം. ഇരുപതുകോടി രൂപയുടെ വികസനപ്രവത്തനങ്ങളാണിവ .വേറിട്ട ഹരിത ക്യാമ്പസ്,മികച്ച ഹൈടെക് ക്ലാസ് മുറികൾ,മെച്ചപ്പെട്ട ശുചിമുറികൾ ,അത്യാധുനിക പാചകശാല,ജൈവവൈവിധ്യ ഉദ്യാനം ,സൗരോർജ്ജ സംവിധാനം,ശാസ്ത്രീയ മാലിന്യസംസ്കരണം ,ഹരിത വൽക്കരണംതുടങ്ങി നല്ല സൗകര്യങ്ങളുള്ള മികച്ച വിദ്യാലയമായി മാറി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പാല.കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത്തിമൂന്ന് മാതൃക വിദ്യാലയങ്ങളുടെ കൂട്ടത്തിലെ ഒരു വിദ്യാലയമാണ് പാല വിദ്യാലയം.




"മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി"

കേരളത്തിന്റെ വശ്യമായ സൗന്ദര്യഭംഗി കണ്ട് കോരിതരിച്ച് മഹാകവി ചങ്ങമ്പുഴ എഴുതിയ വരികളാണിവ. പൂത്തുലഞ്ഞ് നിൽക്കുന്ന പാടങ്ങളും വയലേലകളും ഇളംകാറ്റിൽ ആലോലമാടുന്ന തെങ്ങോലകളുമെല്ലാം കേരളത്തിന്റെ വശ്യമായ സൗന്ദര്യം വിളിച്ചറിയിക്കുന്നു. ഇക്കാരണത്താൽ തന്നെയാണ് വിദേശികളെ ഇങ്ങോട്ട് ആകർഷിച്ചതും.

എന്നാൽ മനുഷ്യന്റെ നീചപ്രവർത്തികൾ, ഈ വശ്യമനോഹാരിതയെ കൊന്നൊടുക്കുകയാണ്, ദുരുപയോഗം ചെയ്യുകയാണ്. തങ്ങളുടെ സ്വന്തം കാര്യം സാധിച്ചെടുക്കുന്നതിന്റെ പേരിൽ അവർ നശിപ്പിച്ചത് ഭൂമിയേയാണ്. ഗോപുരങ്ങൾ കെട്ടിപടുക്കുമ്പോഴും, മതിലുകൾക്ക് മോടി കൂട്ടുമ്പോഴും അവർ ചിന്തിച്ചില്ല അവസാനം ദാരിദ്ര്യത്തിന്റെ കുടിലിൽ നിർഭാഗ്യം വരച്ച വരയിലിരുന്ന് തേങ്ങേണ്ടി വരുമെന്ന്, അത്തരമൊരു അവസ്ഥയിലായിരുന്നു കേരളം കഴിഞ്ഞ രണ്ട്

വർഷങ്ങളിൽ. 1924-ന ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയം .കേരള സർക്കാരിന്റെയും,കടലിന്റെ മക്കളായ മത്സ്യ തൊഴിലാളികളുടേയും,സംയുക്ത സഹകരണത്താൽ കേരള സംസ്ഥാനം ഇന്നും നിലകൊള്ളുന്നു.ദാരിദ്യത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയ മാനവകുലം ഇനിയൊരു പ്രളയത്തെക്കൂടി താങ്ങാനുള്ള ശേഷിയില്ല എന്ന അവസ്ഥയിലാണ്.

മരങ്ങൾ വെട്ടി നശിപ്പിക്കാതേയും, പുഴകൾ മലിനമാക്കാതേയും, വികസനത്തിന്റെ പേരും പറഞ്ഞ് പ്രകൃതിയിലെ ഓരോ ഏടുകളേയും നശിപ്പിക്കാതിരുന്നാൽ പ്രകൃതിയുടെ സംഹാരതാണ്ഡവം നാം കാണേണ്ടി വരില്ല.

മലയാള മണ്ണിന്റെ സമാധാനം തല്ലിക്കെടുത്തിക്കൊണ്ട് ഇനി ഒരു പ്രളയത്തെയും നാം അനുവദിച്ചുകൂട .സമാധാനത്തിന്റെയും, സമ്പൽ സമൃദ്ധിയുടേയും ഓരോ പുലരിയാകട്ടെ മാനവകുലത്തിനും കേരള മണ്ണിനും.



ശ്രേയ. എൻ.രാം
9E



# രാത്രി

അവൾക്ക്  ഈ ലോകം പല മുഖങ്ങൾ ചാർത്തികൊടുത്തു.

സൂര്യകിരണങ്ങൾ സിന്ദൂരം ചാർത്തികൊടുത്ത പുലരിയിൽ നിന്ന് വിടവാങ്ങി പുലരിപതിയെ മിഴിവാർന്ന കണ്ണോടെ പടിയിറങ്ങി സൂര്യനും പതിയെ നിറം മങ്ങാൻ തുടങ്ങി പകരമായി വന്നത് കൗമാരത്തിന്റെ തീഷ്ണതയിൽ തിളങ്ങുന്ന രാത്രിയായിരുന്നു .അവളുടെ സൗന്ദര്യം കോടാനുകോടി നക്ഷത്രങ്ങളെയും നിലാവിനെയും ഗ്രഹങ്ങളെയും മയക്കി പക്ഷെ അവൾ ചന്ദ്രന്റെ സ്വന്തമായിരുന്നു.ആനന്ദത്തിൽ നിരാടിയ അവൾ  യൗവനത്തിലേക്ക് കടക്കുമ്പോഴായിരുന്നു അവൾ ലോകത്തിന്റെ കപടതകൾ മനസിലാക്കാൻ തുടങ്ങിയത്.

പതിയെ അവളെ സ്നേഹിച്ചവരൊക്കെ ഭീതിയുടെ കണ്ണോടെ അവളെ കാണാൻ തുടങ്ങി കുരുന്നിളം പൈതങ്ങൾ അവളെ വെറുത്തു പതിയെ അവളെ നിഗൂഢതയിലേക്ക് വഴിതിരിച്ചു   ദുർമന്ത്രവാദം നടത്തി ഭൂത പ്രേത പിശാചുക്കൾ അവളെ കീറി മുറിച്ചു എന്നാലും അവൾ തളർന്നില്ല അതിനെയൊക്കെ പൊരുതി നിന്നു . എന്തൊക്കെയായാലും അവളെ സംരക്ഷിക്കാൻ ചന്ദ്രനുണ്ടല്ലോ എന്നാൽ ചന്ദ്രന്റെ ചതി അവൾ മനസിലാക്കിയത് ആ അമാവാസിയിലായിരുന്നു. നിലാവില്ല നക്ഷത്രമില്ല ഒടുക്കം ചന്ദ്രനും .അവൾ മനസിലാക്കുകയായിരുന്നു തന്റെ യൗവനം അവളെ ചതിക്കുകയായിരുന്നു.

– ഗോപിക കെ
9 സി



# കുയിൽ

*കണ്ടിട്ടുണ്ടോ കുയിലിനെ നിങ്ങൾ*
*കറുകറുത്തൊരു നിറമാണേ,*
*കുക്കൂ കുക്കൂ നീട്ടിപ്പാടും*
*പാട്ടുകേൾക്കാൻ രസമാണേ....*
*മരക്കൊമ്പിലിരിക്കും വിദ്വാൻ*
*ആരുമാരും കാണാതെ*
*പാട്ടിന്നുറവിടമെങ്ങാണെന്നു*
*ചിക്കിച്ചികയും നാമൊക്കെ*
*കുയിലിന് സ്വന്തം വീടില്ല*
*കാക്കക്കൂട്ടിൽ മുട്ടയിടും*
*മുട്ട വിരിഞ്ഞാൽ കൊത്തിയാട്ടും*
*കാക്കകൾ കുയിലിൻ കുട്ടികളേ........*

*Fathimath Siya NS*
9E



# പ്രകൃതിവർണന

ഈ ലോകം വർണങ്ങളുടെയും അതിശയങ്ങളുടെയും ലോകമാണ് .പ്രകൃതിയിലെ സൗന്ദര്യം മനുഷ്യർക്കും ജീവികൾക്കും ആസ്വദിക്കാനാണ്. പ്രഭാതത്തിലെ സൂര്യന്റെയും ആകാശത്തിന്റെയും അതിമനോഹരമായി കിഴക്ക് പുലരിയുടെ മടിത്തട്ടിൽ കിടത്തി താലോലിക്കുന്ന പ്രിയ സൂര്യനെ കാണുവാൻ അതിമനോഹരമാണ്.



പ്രകൃതി മാതാവിന്റെ ആഭരണങ്ങളായ മഴവില്ലും പൊൻമിന്നലാകുന്ന അരഞ്ഞാണവും പ്രഭാതത്തിൽ  കേൾക്കുന്ന കുയിലിന്റെ പാട്ടും പ്രകൃതി മാതാവിന്റെ താരാട്ടിൽ കാരാഘോഷമാണ്  അരുവികളിലെ ഓളങ്ങളിൽ നിന്നും ഉയരുന്നത് പ്രകൃതിയുടെ പാട്ടാണ് പ്രകൃതി മാതാവിന്റെ കാരുണ്യവും കരുതലുമാണ് നമ്മളെ നിലനിർത്തുന്നത് പൂർണരൂപം കാണാൻ കഴി ഞ്ഞില്ലെങ്കിലും പ്രകൃതിമാതാവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് സ്നേഹിക്കാനും ആദരിക്കാനും സംരക്ഷിക്കാനും നമുക്ക് കഴിയും .

നമ്മുടെ പ്രകൃതിയെ      വർണനാരൂപം നൽകാൻ പ്രകൃതി മാതാവ്     കനിയണം നമ്മൾ സ്നേഹിക്കുന്ന     പ്രകൃതി തിരിച്ചും നമ്മളെ സ്നേഹിക്കണമെങ്കിൽ നമ്മൾ പ്രകൃതിയെ  ആരാധിക്കണം .പ്രകൃതി നാശമാക്കുന്ന മനുഷ്യർക്ക് പ്രകൃതി അതിന്റെ     ശിക്ഷയായി  തരുന്ന പ്രളയവും അതിവേനലുമാണ്.എന്നാൽ നമ്മൾ   പ്രകൃതിയെ സ്നേഹിക്കണം അതാണ് ഈ ലോകത്തിന് വേണ്ടത്...

**അഞ്ജലി കെ.വി–**

**8B**





# LOST FRIEND

Oh, my best friend,
It's been years we parted each other.
You were my sunshine of inspiration,
And finally I'm here to see you.




Just a dust particle I was,
Marley floating here and there.
And were you not the snow flake,
Falling from the heaven.

You grabbed my wrist
With your cold icy finger,
And let me from nothingness
To the light of liveliness.



I remained there as such
Were you made me to stand,
But it's all you, who faded.
In your absence, I was again carried by the wind

The autumn is past,
And the winter is here again.
And are we not to meet once more,
By the sheer play of time.



I really want you back my dear,
And now I'm here for you.
Where are you now?
Oh, my lost friend.

Chandana Devi
9E



# Health and public health

*Another important issue is in connection with health and public health. Knowingly or unknowingly we are going so many things that may adversely affect public health. Spiting in public place, dumping waste in public place, polluting drinking water, smoking in public place are some examples.*

*Government has tried many ways such as passing of bills against these activities, making them punishable and thus an outlook and scientific perspective on public health is to be developed. The best way to attain these objectives include them as a part of education. The growing generation is to be educated so as to develop a positive and scientific outlook on this issue. So in order to develop such positive attitude in the minds of children, some attempts are made in the new*


*curriculum of the state syllabus. Lessons are planned and prepared based on this issue.*



*Fathimath siya N S*
*9.E*



# അവൾ



മഴയായ് നീയെന്റെ അരികിൽ വന്നു
പല തുള്ളിയായ് നീയെന്റെ നെറുകിൽ തൊട്ടു.

കുളിരായ് നീയെന്റെ അരികിൽ വന്നു
മൃദു സ്പർശമായ് നീയെന്റെ കവിളിൽ തൊട്ടു.
മഴയും കുളിരും സ്വപ്നത്തിൽ കണ്ട ഞാൻ
മൃദു മന്ദ ഹാസത്താൽ ഉണർന്നിരുന്നു.



ജാലകം തുറന്നു ഞാൻ ദൂരേക്ക് നോക്കുമ്പോൾ
കണ്ടതോ ചന്ദ്രന്റെ പൂർണ രൂപം.
എങ്ങോ മറഞ്ഞൊരാ ചന്ദ്രൻ
ഇരുളിന്റെ മറനീക്കി പുലർക്കാലം മുന്നിൽ വന്നു.

കിളികൾ തൻ കള കള നാദവും സുഖമുള്ള
തുടി കൊട്ടിൻ ഈണവും കേട്ടനേരം.
കൺ തുറന്നെങ്ങോ പോയൊരാ ചന്ദ്രനെ
കണ്ണിമ വെട്ടാതെ നോക്കി നിന്നു

അസ്ന ഹസ്സൻ എ .കെ

*9E*

# കേരളം

കേരളം ,ദൈവത്തിന്റെ സ്വന്തം നാട് ! പ്രകൃതി ഭംഗിയിൽ ദൈവം ഇത്രയേറെ കനിഞ്ഞ മറ്റൊരു നാടുണ്ടെന്നത് സംശയാർഹമാണ്. മലനാടും ഇടനാടും കുട്ടനാടുമെല്ലാം കൊച്ചുകേരളത്തിന്റെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടുന്നവയാണ്. നാളികേരത്തിന്റെ ജന്മനാട് എന്ന വിശേഷപ്പേരുകൂടി കൊച്ചു കേരളം വഹിക്കുന്നു. നാൽപ്പത്തിനാല് നദികൾ കേരളത്തിലൂടെ കുണുങ്ങിയൊഴുകുന്നു. ടൂറിസ്റ്റുകളെ മാടിവിളിക്കുന്നവയാണ് നമ്മുടെ നാടിന്റെ പച്ചപ്പ്. വ്യക്തിശുചിത്വത്തിലും സമൂഹശുചിത്വത്തിലുമെല്ലാം മലയാളികൾ ഏറെ മുന്നിലാണ് ജാതിയും മതവും മറന്ന് സ്നേഹത്തൊടെയും സാഹോദര്യത്തോടെയും മലയാളികൾ സഹവസിക്കുകയാണ് ഈ നാട്ടിൽ. സാക്ഷരതയുടെ കാര്യത്തിൽ ഏറെ മുന്നിട്ട് നിൽക്കുകയാണ് . എല്ലുമുറിയെ പണിത് പല്ലു മുറിയെ തിന്നുന്ന ആരോഗ്യവാന്മാരായ മലയാളികൾ  ഈ നാടിന്റെ പ്രധാന സമ്പത്താണ്.

*ഫിദ .എം*
*9E*

# "രാമസേതുവിലേക്ക് "

വളരെ ആവേശകരവും, മനോഹരവുമായ യാത്രയായിരുന്നു അത് .2019 നവംബർ 22-ാം തീയതി പുലർച്ചേ 5.30-ന് നിശ്ചയിച്ചത് പോലെ ഞങ്ങളെല്ലാവരും വിദ്യാലയത്തിൽ എത്തിച്ചേർന്നു. ടൂർ കോഡിനേറ്റർ ഗഫൂർ സാറിന്റെ നേതൃത്വത്തിൽ യാത്ര ആരംഭിച്ചു .

ഞങ്ങളുടെ ആദ്യ ലക്ഷ്യസ്ഥാനമായ കാപ്പാട് കടപ്പുറത്തെത്തി, പോർച്ചുഗീസ് നാവികൻ ക്യാപ്റ്റൻ വാസ്കോഡഗാമ കാലുകുത്തിയ സ്ഥലം. കളിച്ചും,രസിച്ചുമുള്ള യാത്ര യായിരുന്നു അത്. പിന്നെ ഗിരീഷ് മാസ്റ്റർ കാപ്പാടിന്റെ ചരിത്രം പറഞ്ഞു തന്നു. ഞങ്ങൾ ആവേശഭരിതരായി ഭക്ഷണം കഴിച്ചു.ചരിത്ര പ്രസിദ്ധമായ ആ കടപ്പുറത്തിരുന്ന് തിരമാലകളുടെ ശബ്ദം വരവേറ്റു. ഞങ്ങൾ ആവേശത്തോടെ ആ നട്ടുച്ച വെയിലിലും കാഴ്ചകൾ ആസ്വദിച്ചു.അവിടെ പണ്ടുണ്ടായിരുന്ന കടൽപ്പാലത്തിന്റെ അവശിഷ്ടവും അതിനുമുകളിൽ കയറി ഫോട്ടോ എടുക്കുന്ന ചില "സാഹസികരെയും" കണ്ടു.എന്നെ ഏറ്റവും ആകർഷിച്ചതും ഞാൻ ആദ്യമായികണ്ടതുമായ കാഴ്ച മറ്റൊന്നായിരുന്നു.കടലിന്റെ വിഹായസ്സിലേക്ക് സൂക്ഷിച്ചുനോക്കിയാൽ അറ്റത്ത് ഉറുമ്പുകൾ പോകുന്നതു പോലെ വരിവരിയായി എന്തോ നീങ്ങുന്നു . അന്വേഷിച്ചപ്പോൾ ചരക്കുമായി നീങ്ങുന്ന പടുകൂറ്റൻ കപ്പലുകളാണ്.ഒരു 15 മിനിറ്റ് നേരം അവിടെ ചിലവഴിച്ചു .ഞങ്ങൾ പിന്നെ യാത്ര തിരിച്ച് തുടർന്നു

അടുത്ത ലക്ഷ്യം പാലക്കാട് കോട്ടയാണ്. ദീർഘയാത്ര അതുകൊണ്ട് തന്നെ ഞങ്ങൾ ബസ്സിൽയാത്ര ചെയ്യുന്നതിനൊപ്പം വിവിധ കളികളിൽ ഏർപ്പെട്ടു. ശശി മാസ്റ്ററുടെ നൃത്തം ഞങ്ങളെ അതിശയപ്പെടുത്തി.ടീച്ചർ മാരുടെ തമാശകൾ ഞങ്ങളെ രസിപ്പിച്ചു. സൗമ്യ ടീച്ചർ പോകുന്ന സ്ഥലത്തെക്കുറിച്ച് അറിവ് പകർന്നു. കുട്ടികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള കളികൾ ഗിരീഷ് സാറിന്റെ നേതൃത്വത്തിൽ ക്വിസ് നടത്തി ഞങ്ങൾ സമ്മാനം കൈവരിച്ചു.കോഴിക്കോട് ജില്ല കഴിഞ്ഞ് മലപ്പുറം ജില്ലയിലൂടെ ദീർഘയാത്ര. ഞങ്ങൾ അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിച്ചു . പാലക്കാട് ജില്ലയിലേക്ക് കടക്കുന്ന അതിർത്തിയിൽ ഇടതുവശത്ത്

കണ്ട പശ്ചിമഘട്ടത്തിന്റെ മനോഹാരമായ നിശ ഞങ്ങളെ ആകർഷിച്ചു. ഇക്കഴിഞ്ഞ മഴക്കാലത്ത് മണ്ണിടിച്ചിലുണ്ടായതും കാനനച്ചോലകളും മുകളിലത്തെ പുൽമേട്ടുമൊക്കെ വ്യക്തമായി കാണാമായിരുന്നു

അങ്ങനെ കുറേ ദൂരം യാത്ര ചെയ്ത് വൈകുന്നേരത്തോടടുപ്പിച്ച് ഞങ്ങൾ പാലക്കാട് മണ്ണാർക്കാട് ടൗണിലെത്തി.പാലക്കാട് നഗരത്തിന്റെ പ്രൗഢഭംഗിയാസ്വദിച്ചുകൊണ്ട് ഞങ്ങൾ അവിടെയെത്തി ഹൈദരലി,മൈസൂർ സുൽത്താനായിരുന്നപ്പോൾ നടത്തിയ പടയോട്ട കാലത്ത് നിർമിച്ച പ്രൗഢഗംഭീരമായ നിർമിതി.പാലക്കാട് കോട്ട! കോട്ടയുടെ പുറത്ത് സംരക്ഷണത്തിനെന്നോണം ഒരു ജലാശയം. അതിൽ ആമകളെ വളർത്തുന്നുണ്ട്.ഒരുപാട് പ്രദേശം കാണാൻ പറ്റുന്ന ഉയർന്ന കാഴ്ച്ചാകേന്ദ്രങ്ങളും ശത്രുക്കളിൽ ഒളിഞ്ഞ് നടക്കുന്ന താഴ്ന്ന സ്ഥലങ്ങളും കാവൽക്കാരുടെ സ്ഥലവും ഒരു ഹനുമാൻ ക്ഷേത്രവും കോട്ടയിൽ കണ്ടു. മുഴുവൻ ഞങ്ങൾ ചുറ്റികണ്ടു.

സമയം 5 മണി കഴിഞ്ഞു.നല്ല കാറ്റ് വീശുന്നുണ്ടായിരുന്നു.കഥയിൽ മാത്രം കേട്ട പാലക്കാടൻ കാറ്റിന്റെ വീര്യം അന്നറിഞ്ഞു. പാലക്കാടിവനോട് വിടപറഞ്ഞ് ഞങ്ങൾ പളനിയിലേക്ക് പോയി.

ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്ത പരുത്തി തോട്ടങ്ങൾക്കിടയിലൂടെ പാലക്കാടൻ ചുരം കയറി ബസ്സ് നീങ്ങി നേരം ഇരുട്ടി തുടങ്ങി. കലാപരിപാടികൾ ആരംഭിച്ചു.ബോർഡർ എത്തിയപ്പോൾ ബസ്സ് കുറച്ച് സമയം നിർത്തി. ആ സമയം ചായ കുടിച്ചു. ശേഷം കേരളത്തോട് വിടപറഞ്ഞ് ഞങ്ങൾ തമിഴ് നാടിന്റെ വീഥിയിലൂടെ നീങ്ങി. അവസാനം ഞങ്ങൾ പളനിയിലെത്തിയെങ്കിലും അന്ന് രാത്രി 9 മണിയോളം ആയതിനാൽ പിറ്റേന്ന് മലകയറാൻ തീരുമാനിച്ചു. അന്ന് കുറച്ച് സാധനങ്ങളൊക്കെ അവിടെ നിന്ന് വാങ്ങി.ഭക്ഷണം കഴിഞ്ഞ ശേഷം അതിനടുത്തുള്ള ഒരു ലോഡ്ജിൽ ഞങ്ങൾ കൂട്ടുകാരെല്ലാം ഉറങ്ങി.

രാവിലെ 4 മണിക്ക് എഴുന്നേറ്റു.പളനിമലയിലേക്ക് പോയി.ആയിരം പടികൾ കയറണം എന്നൊക്കെ കേട്ടപ്പോൾ ആവേശം തോന്നി,എന്നാൽ മുകളിലെത്താറായപ്പോഴേക്കും അത് തീർന്ന് ആരോ പിടിച്ച് വലിക്കുന്നതുപോലെ തോന്നി. അങ്ങനെ അത്യധികം ആയാസകരമായി പളനി മലയുടെ ഉയരങ്ങളിലെത്തി. മുരുകന്റെ ക്ഷേത്രം ദർശിച്ചു.ഏറെ കൊതിപ്പിക്കുന്ന പഞ്ചാമൃതം വാങ്ങി. ഏറ്റവും അവിസ്മരണീയമായ കാഴ്ച വൈദ്യുദ ബൾബുകളുടെ പ്രകാശത്തിൽ തിളങ്ങിനിൽക്കുന്ന നഗരവും അണക്കെട്ടുമായിരുന്നു. പിന്നെ മല തിരിച്ചെറങ്ങാൻ തുടങ്ങി. നടക്കുന്ന വഴിയിൽ മുകളിലേക്കുള്ള റെയ്‌ലും മൊട്ടയടിക്കുന്ന സ്ഥലവും

കണ്ടു.അങ്ങനെ റൂമിലെത്തി ഭക്ഷണം കഴിച്ച ശേഷം യാത്ര തുടർന്നു.

അടുത്തതായി ഞങ്ങൾ പോകുന്നത് 'മധുരമീനാക്ഷി ക്ഷേത്രം ' കാണാനാണ്.യാത്രയിൽ കലാപരിപാടി തുടങ്ങി അങ്ങനെ ബസ്സ് മധുരയിലെത്തി.സമയം ഏകദേശം10 കഴിഞ്ഞു. അങ്ങനെ ക്ഷേത്രത്തിലെത്തി. ദൂരെ നിന്നും തന്നെ ആകാശംമുട്ടെ ഉയരത്തിൽ കാണുന്ന,അത്യധികം കലാപരമായ,ചരിത്രപ്രാധാന്യം ഏറെയുള്ള ആ നിർമിതി ഞങ്ങളെ അതിശയപ്പെടുത്തി.പളനി ക്ഷേത്രം1500 വർഷങ്ങൾ മുൻപുള്ളതാണെങ്കിൽ ഇത് ഏകദേശം 2500 വർഷങ്ങൾ മുമ്പിള്ള ഘട്ടത്തിൽ നിർമിച്ചതാണ്.അനുവാദം വാങ്ങി അമ്പലത്തിൽ കയറി. കയറുമ്പോൾ ആ ഗോപുരം തന്നെ ക്ഷേത്രത്തിന്റെ പ്രൗഢി വിളിച്ചോതുന്നതായിരുന്നു.ഒരു വലിയ പ്രദേശം മുഴവൻ വ്യപിച്ചുകിടക്കുന്നതാണ് ക്ഷേത്രം.വാട്ടർ ഡാൻസുള്ള ഒരു കുളം കണ്ടു.ഒരു 10 മീറ്റർ ഉയരമുള്ള കരിങ്കൽത്തൂണ് ഇന്ന് ക്രെയിൻ ഉപയോഗിച്ച് പൊക്കാൻ പ്രയസമാണ്.15 മീറ്ററായാലോ?എന്നാൽ ഞങ്ങൾ അവിടെ കണ്ടത്,എന്റെ ചിന്തകൾക്കൊക്കെ അതീതമായി,പത്തും ഇരുപതും അതിൽ കൂടുതലും ഉയരമുള്ള ഒറ്റക്കൽത്തൂണുകളിൽ ഉറപ്പിച്ചുനിർ ത്തിയ,ഗംഭീരമായ നിർമിതിയാണ്.മധുരയിലെ ആയിരം കാൽമണ്ഡപം എന്നറിയപ്പെടുന്ന ആ ആയിരം തൂണുകളും ഒറ്റക്കല്ലാണെന്ന് കേട്ടപ്പൊൾ,ഈ ക്ഷേത്രം നിർമിച്ച ആ പുരാതനകാലത്തെ മനുഷ്യരുടെ ആര്യോഗ്യവും,അവരെകൊണ്ട് ഭരണാധികാരികൾ ക്രൂരമായി പണിയെടുപ്പിച്ചതും,ഒട്ടേറെ ആളുകൾ മരണപ്പെട്ടതും,അവരുടെ പ്രയത്നഫലമായി ആ നിർമിതി ഉയർന്നുപ്പൊങ്ങിയതുമൊക്കെ മനസ്സിലൂടെ കടന്നുപ്പൊയി.ഒരു പക്ഷെ,വലിയൊരു മല,പതുക്കെപ്പതുക്കെ കുഴിച്ച് കല്ലുകൾ സ്ഥാപിച്ചാണ് ഈ ക്ഷേത്രം നിർമിച്ചത്.അതിനുള്ളിൽ നിരവധി ക്ഷേത്രങ്ങളും ഒരു ചെറിയ മ്യൂസിയവും പ്രവർത്തിക്കുന്നുണ്ട്.ക്ഷേത്രത്തിന്റെ മാനം മുട്ടുന്ന മേൽക്കൂരയും കൊത്ത് പണികളൊക്കെ അതിമനോഹരമാണ്.ക്ഷേത്രക്കാഴ്ചകൾ ആവോളം അസ്വദിച്ച് മീനാക്ഷിദേവിയേയും സുവർണകൊടിമരവുമൊക്കെ ദർശിച്ച് പുറത്തിറങ്ങി.ആ മഹാനിർമിതിയോട് വിട പറഞ്ഞ് യാത്രയായി.

അങ്ങനെ ഞങ്ങൾ അടുത്ത ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങി.നേരം ഉച്ചയായിരുന്നു.ദേശിയ പാതയുടെ ഒരത്ത് വണ്ടി നിർത്തി ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു.അല്പസമയം കഴിഞ്ഞ് ബസ്സിൽ കയറി.അടുത്തതായി പൊകുന്നത്,1914 ബ്രിട്ടീഷുകാർ നിർമിച്ച,കപ്പലുകളും ബോട്ടുകളിം വരുമ്പോൾ നടുവിൽ നിന്ന് ഉയർന്ന് വഴിമാറികൊടുക്കുന്ന,കടലിലൂടെ പൊകുന്ന,രാമേശ്വരം എന്ന ദ്വീപിനെ ഇന്ത്യൻ

ഉപഭൂഖണ്ഡവുമായി ബന്ധിപ്പിക്കുന്ന,150 വർഷമായിട്ടും ഇന്നും പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന,പാമ്പിനെപ്പോലെ നീണ്ടുകിടക്കുന്ന,2 മീറ്റർ 2065 മീറ്റർ,നീളമുള്ള ആ മഹാനിർമിതി കാണാനാണ്.പാമ്പൻ പാലം!ഒരുപാട് ദൂരം യാത്ര ചെയ്ത് അവിടെയെത്തി.അതിനൊട് കുറച്ച് മാറിയുള്ള വാഹനങ്ങൾ പോകുന്ന പാലത്തിൽ ഇറങ്ങി ഞങ്ങൾ നടന്നു.അതിശക്തമായ കടൽകാറ്റിന്റെ വീര്യം ഞങ്ങൾ അനുഭവിച്ചു.ആ കാറ്റേറ്റ് പാലത്തിന് ബലക്ഷയം സംഭവിക്കുന്നുണ്ടാവില്ലേ എന്ന് അമ്പരന്നു പൊയി.കഴുത്തിലുണ്ടായിരുന്ന എന്റെ ടാഗ് കാറ്റത്ത് പറന്നുപൊയി. നടക്കുമ്പോൾ കാറ്റിന്റെ ശക്തികൊണ്ട് കാൽ തെന്നിമാറുന്നു.കാറ്റിലൂടെ ഉപ്പും മണലും വന്നടിക്കുന്നുണ്ട്.ദൂരെ കടൽത്തീരത്ത് ബോട്ടുകൾ ലൂടെ കണ്ടു.കടലിലെ പാറകളിൽ ശക്തിയേറിയ തിരമാലകൾ വന്നടിക്കുന്ന ശബ്ദം ആസ്വദിച്ചുകൊണ്ട് ഞങ്ങൾ നടന്നു. ബോട്ടുകൾ,കപ്പലുകൾ ഒക്കെ വരുമ്പോൾ നടുവിൽ നിന്നും ഉയർന്ന് വഴിമാറുന്ന രണ്ട് റെയിൽവേ പാലങ്ങൾ കണ്ടു.കടലിൽ സ്ഥാപിച്ച തൂണുകൾക്ക് മുകളിലൂടെ കടലിനോട് ചേർന്ന് പോകുന്ന ആ റെയിൽവേ പാമ്പൻ പാലം അത് നിർമ്മാണ വൈദഗ്ദ്യത്തിന്റെ തെളിവ് കൂടിയാണ്.കപ്പൽ വരുമ്പോൾ ഉയരുന്ന ഭാഗം അന്നത്തെ സാങ്കേതിക വിദ്യയുടെ വിജയവും.ആ പാലം ഉയരുന്നത് കാണാൻ അവസരം കിട്ടിയില്ലെങ്കിലും അതിലൂടെ തീവണ്ടി പതുക്കെ പേടിച്ച് പോകുന്നത് കാണുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.തീവണ്ടി അതിലൂടെ പോകുന്ന കാഴ്ച്ച ഭയാനകവും എന്നാൽ മനോഹരവുമായിരുന്നു.തീവണ്ടിയിലെ യാത്രക്കാർ ഞങ്ങളോട് റ്റാറ്റാ പറഞ്ഞു.ഞങ്ങൾ തിരിച്ചും.ഇന്ത്യയിലെ അപകടകരമായ പാലങ്ങളിലൊന്നാണത്.ട്രെയിൻ പോകുമ്പോൾ പാലം(റെയിൽവേ പാലം) കുലുങ്ങുന്നുണ്ടായിരുന്നു.അതുകൊണ്ടുതന്നെ ട്രയിൻ വളരെ പതുക്കെയാണ് പോയത്. നേരം സന്ധ്യയായി.പാമ്പൻ പാലത്തോട് യാത്രചോദിച്ച് ബസ്സിൽ കയറിയ ശേഷം ഒരു ചായ കുടിച്ച് ഞങ്ങളുടെ അടുത്ത ലക്ഷ്യ സ്ഥാനമായ,പാമ്പൻപാലുവഴി ഇന്ത്യൻ ഉപഭൂഖണ്ടവുമായി ബന്ധിപ്പിച്ചിരിക്കുന്ന രാമേശ്വരത്തേക്ക്,

ഇന്ത്യൻ മിസൈൽ മാനും മുൻരാഷ്ട്രപ്രതിയുമായ എ.പി.ജെ അബ്ദുൽ കലാമിന്റെനാട്ടിലേക്ക് പുറപ്പെട്ടു.അല്പസമയത്തിനകം അവിടെ എത്തി.അവിടെ അതിനപ്പുറത്തേക്ക് ബസ്സ് അനുവദിക്കാത്തതിനാൽ അവിടെയുള്ള മൂന്ന് ചെറിയ വാഹനങ്ങളിലായി യാത്ര ചെയ്തു.അങ്ങനെ ഞങ്ങൾ വളരെ പ്രശസ്തവും മനോഹരവുമായ ഏറെ ഐതിഹ്യങ്ങളുള്ളതും ചരിത്രപ്രാധാന്യമുള്ളതുമായ രാമേശ്വരം എന്ന പേര് വരാൻ കാരണമായ ശ്രീരാമക്ഷേത്രം രാമേശ്വരം ക്ഷേത്രത്തിലെത്തി.അവിടെ വച്ചാമ് പണ്ട് ശ്രീരാമൻ സീതാദേവിയെ

രക്ഷിക്കാൻ സമുദ്രം താണ്ടി പണ്ട് ശ്രീലങ്കയിലേക്ക് പോയത് എന്നാണ് വിശ്വാസം.സമുദ്രത്തിലെ ഒരു ദ്വീപാണ് രാമേശ്വരം.വലിയ,സുന്ദരമായ ധാരാളം കൊത്തുപണികളോടു കൂടിയ ക്ഷേത്രം.ഏറെ കാഴ്ച്ചകളുണ്ട് കാണാൻ രാത്രി അമ്പലത്തിന്റെ മുകളിൽ നിന്ന് ദീപത്തിന്റെ വെളിച്ചം.

AD-11-12 നൂറ്റാണ്ടുകളിൽ ഇവിടെ ഉണ്ടായിരുന്ന ക്ഷേത്രം പതിനേഴാം നൂറ്റാണ്ടിൽ പുതുക്കിപ്പണിതതാണിത് മധുരയിലേത് പോലെ ചില ഒറ്റക്കൽ തൂണുകളും വലിയ ശിൽപ്പങ്ങളും ഇവിടെ കണ്ടു.മനോഹരമായ കരിങ്കൽ നടപ്പാത.അവിടെ കണ്ട നദിയും അവിടത്തെ കൊത്തു പണികളും അതിമനോഹരമായ ചിത്രങ്ങളും ശിൽപ്പങ്ങളുമാണ്.നല്ല തിരക്കുമുണ്ട്. അമ്പലം ചുറ്റിക്കാണുമ്പോൾ രാമൻ രാമസേതുവിലൂടെ രാമൻ ലങ്കയിലേക്ക് പോയത് ഓർത്തു.ഇവിടെയാണ് രാമസേതു.ശ്രീരാമനെ ദർശിച്ച് ആൾത്തിരക്കിലൂടെ പുറത്തിറങ്ങി.എന്നിട്ട് കുറച്ചുനേരം ഷോപ്പിംങ്ങിന് പോയി.

രാമേശ്വരത്തോട് വിടപറഞ്ഞു തിരിച്ച് വാഹനങ്ങളിൽ കയറി ബസ്സിനടുത്തെത്തി.അവിടെ നിന്ന് ഭക്ഷണം കഴിച്ച ശേഷം ആ വാഹനങ്ങളിൽ തന്നെ ഞങ്ങൾ റൂമിലേക്ക് പുറപ്പെട്ടു.ലോട്ജിൽ താഴെ മറ്റൊരു ഹിന്ദിക്കാരുടെ പാർട്ടി അവരുടെ അവസാന ദിവസം ആഘോഷിക്കുന്നുണ്ടായിരുന്നു.അവരോടൊപ്പം കളിച്ചുംചിരിച്ചും അഭ്യാസ പ്രകടനങ്ങൾ നടത്തിയും ഡാൻസ് കളിച്ചും വിവിധ കലാപരിപാടികൾ ഞങ്ങളും അവതരിപ്പിച്ചു.ശേഷം അവരോട് യാത്ര പറഞ്ഞ ശേഷം ഞങ്ങൾ റൂമുകളിലേക്ക് പോയി കുളിച്ച് കിടന്നുറങ്ങി.

സൂര്യോദയം ബീച്ചിൽ നിന്ന് കാണാം എന്ന് തീരുമാനിച്ചിരുന്നെങ്കിലും കാലാവസ്ഥ അനുകൂലമായില്ലെങ്കിലോ എന്ന് കരുതി വേണ്ടെന്ന് വെച്ചു. അതുകൊണ്ട് അന്ന് നല്ല സുഖസുന്ദരമായി കളിച്ചും ചിരിച്ചും ഉറങ്ങി. യാത്രയുടെ അവസാന ദിവസമായ ഇരുപത്തിനാലാം തീയതി ഞായറാഴ്ച്ച രാവിലെ ഏഴുമണിക്ക് എഴുന്നേറ്റു.ക്ഷീണം കൊണ്ട് ഉറങ്ങിയതും എഴുന്നേറ്റതുമല്ലാം വളരെ പെട്ടെന്നായി തോന്നി.7:45 ഓടെ റെഡിയായി എല്ലാം പാക്ക് ചെയ്ത് റൂമിൽ നിന്ന് ഞങ്ങൾ പുറപ്പെട്ടു.അടുത്ത ലക്ഷ്യസ്ഥാനം,പ്രേതങ്ങളുടെ നഗരം എന്ന് അറിയപ്പെടുന്ന നഷ്ടങ്ങളുടെ കഥമാത്രം പറയാനുള്ള ഒരു കാലത്ത് പ്രൗഢഗംഭീരമായിരുന്ന നഗരമായ ധനുഷ്കോടിയിലേക്കാണ്.ഒരിക്കൽ പത്തിരുപത് മീറ്റർ ഉയരത്തിൽ വന്ന കൂറ്റൻ സുനാമി,അത് ആ നഗരത്തെ കടലിലേക്ക് കൊണ്ടു പോയി.അത് എല്ലാത്തിനേയും അപ്പാടെ വിഴുങ്ങി
കളഞ്ഞു അപ്രതീക്ഷിതമായി!

കേന്ദ്രസർക്കാർ ആ ദുരന്തത്തിന് ശേഷം അവിടെ മനുഷ്യവാസം

സാധ്യമല്ല എന്ന് പ്രഖ്യാപിക്കുകയും സുനാമിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം ചെയ്യുകയും ചെയ്തു. എന്കിലും ഇന്ന് അവിടെ മരിച്ചവരുടെ ബന്ധുക്കളായ 50 ഓളം കുടുംബങ്ങൾ വിവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്നുണ്ട്.മത്സ്യ ബന്ധനവും ശംഖിന്റെ വിൽപ്പനയുമാണ് അവരുടെ സ്ഥാനത്ത് ഇന്ന് നൂലുപോലെ നീണ്ടുകിടക്കുന്ന മണൽക്കുനയിലൂടെയുള്ള റോടാണുള്ളത്. ഞങ്ങൾ അങ്ങോട്ടേക്ക് യാത്ര ചെയ്തു. കുറേ ദൂരം യാത്ര ചെയ്തപ്പോൾ കടൽ കണ്ടു. പിന്നേയും കുറേ പോയപ്പോൾ ഞങ്ങൾ കടലിനു നടുവിലൂടെയായി യാത്ര. കാറ്റത്ത് മണൽ പറക്കുന്നുണ്ടായിരുന്നു. ഇരുവശത്തും അന്നത്തെ ദുരന്തത്തിന്റെ ഫോസിലുകളായി അന്നത്തെ റെയിൽവേസ്റ്റേഷന്റെയും കെട്ടിടങ്ങളുടേയും പള്ളികളുടേയുമൊക്കെ അവശിഷ്ടങ്ങൾ കണ്ടു. ഞങ്ങൾ ദുരന്തത്തിന്റെ ഞെട്ടിപ്പിക്കുന്ന ഓർമകളോടൊപ്പം കടലിന്റെ സൗന്ദര്യവും ആസ്വദിച്ച് കുറേ ദൂരം യാത്ര ചെയ്തു. ആ നീണ്ടു കിടക്കുന്ന പ്രദേശം കടലിലേക്ക് പോകുന്ന അറ്റത്തെത്താറായപ്പോഴേക്കും ഞങ്ങൾ അരികത്ത് വണ്ടി നിർത്തി. എന്നിട്ട് ബീച്ചിൽ , മണൽക്കുനയിൽ ഇറങ്ങി പല പല ഉല്ലാസങ്ങളിലും കളികളിലും ഏർപ്പെട്ടു. ബംഗാൾ ഉൾക്കടലും ഇന്ത്യൻ മഹാസമുദ്രവും ചേരുന്ന ഭാഗമായിരുന്നു. അതുകൊണ്ടുതന്നെ അവിടെ നല്ല ആഴമുണ്ടെന്നും കടലിൽ സൂക്ഷിച്ചിറങ്ങണമെന്നും ടീച്ചർ പറഞ്ഞു. അങ്ങനെ കടലിൽ കളിച്ചും മണൽ ശിൽപ്പമുണ്ടാക്കിയും വിനൊദങ്ങളിലേർപ്പെട്ടും കൊണ്ട് കുറേ നേരം അവിടെ ചെലവഴിച്ച ശേഷം ഞങ്ങൾ ബസ്സിലേക്ക് കയറി. ശേഷം കുറച്ചു ദൂരം പോയ ശേഷം ബസ്സ് ഒരിടത്ത് നിർത്തി.

ഒരു തകർന്ന പള്ളിയുടെ അവശിഷ്ടം അവിടെ കാണാമായിരുന്നു. ആ രാത്രിയിൽ അവിടെ നിന്നും സുനാമി കൊണ്ടു പോയവരുടെ നിലവിളി വിളിച്ചറിയിക്കാനെന്നോണം, തകർന്നിട്ടും തകരാതെ നിൽക്കുന്ന , ഉപ്പുകൊണ്ട് ഒരുപാട് ദ്രവിച്ചിട്ടും ഫോസിൽ പോലെ നിലനിൽക്കുന്ന അതിന്റെ മുകളിൽ ഒരു ദ്രവിച്ച കുരിശ് , ഞങ്ങൾ അവിടേക്ക് പോയി. ആ പള്ളി ചുറ്റിക്കണ്ടു. ആ സുനാസിയുടെ ഭയാനകമായ ഗർജനം ആ അവസ്ഥയും ആ സന്ദർഭവും ഞാൻ മനസ്സിൽ കണ്ടു. അതിന്റെ ചുവരുകളൊക്കെ ദ്രവിച്ചു തുടങ്ങി.അതിനടുത്ത് ശംഖു കൊണ്ടും മറ്റുമുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്ന നിരവധി കടകൾ ഉണ്ടായിരുന്നു. അനിടെ നിന്ന് കുറച്ച് സാധനങ്ങൾ വാങ്ങി ഞങ്ങൾ ഒരു ഇളനീർ കുടിച്ച് ബസ്സിൽ കയറി. പോകുന്ന വഴിയിൽ പഴയ റയിൽവേ സ്റ്റേഷന്റെയും മറ്റ് കെട്ടിടങ്ങളുടേയുമൊക്കെ റെയിൽവേ പാതയുടേയും ഉൾപ്പെടെ മണൽമൂടിയ ഫോസിലുകൾ കണ്ടു. ഒരു നഗരത്തെ ഒറ്റ രാത്രി കൊണ്ട് അടിച്ച് തുടച്ച് മണൽ

ക്കുനയാക്കിയ സുനാമി. അവിടെ ആഴ്ച്ചകളോളം വെള്ളത്തിലായിരുന്നു. ഒന്നു സൻ കൽപ്പിച്ചു നോക്കു! ആ റോഡിൽ നിന്നു തന്നെ വലത്തോട്ട് തിരിഞ്ഞ് കടലിൽ ഒരു ദ്വീപ് പോലെ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് പോയി,അവിടെയുള്ള ഒരു അമ്പലത്തിൽ കയറുകയും ബൈനേക്കുലറിൽ രാമോശ്വര ക്ഷേത്രവും നഗരവും കടലും വ്യക്തമായി കാണാലൻ  കഴിഞ്ഞു. മനോഹരമായ ദൃശ്യം. ധനുഷ് കോടിയിൽ നിന്ന് ശ്രീലങ്കയിലേക്ക് വെറും 36 കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ എന്ന വസ്തുത ഞങ്ങളെ അത്ഭുതപ്പെടുത്തി. ഞങ്ങൾ ശ്രീലങ്കയുടെ അടുത്തെത്തി എന്നർത്ഥം.കുറച്ചു സമയത്തിനു ശേഷം ആ ദുരന്തത്തിന്റെ തീഷ്ണത തൊട്ടറിഞ്ഞു കൊണ്ട് ഞങ്ങൾ ധനുഷ്ക്കോടി എന്ന അക്ഷരാർത്ഥത്തിൽ പ്രേതങ്ങളുടെ നഗരമായി മാറിയ ആ പ്രദേശത്തോട് വിട പറഞ്ഞ് യാത്ര തിരിച്ചു. അപ്പോഴേക്കും ഏകദേശം ഉച്ചയാകാറായിരുന്നു. ഞങ്ങൾഅങ്ങനെ ബംഗാൾ ഉൾക്കടലിന്റെയും ഇന്ത്യൻ മഹാസമുദ്രത്തിന്റെയും ഇടയിൽ നിന്ന് പുറത്തുകടന്നു.

അടുത്തതായി ഞങ്ങൾ പോകുന്നത് നേരത്തെ സൂചിപ്പിച്ച രാമേശ്വരം എന്ന തികച്ചും സാധ്യത ഇല്ലാത്ത സ്ഥലത്ത് ജന്ച്ച് ആചേരിയിൽ വളർന്ന് ലോകത്തിന്റെ നെറുകയിൽ എത്തിയ ഇന്ത്യയുടെ 'മിസൈൽ മാൻ' ഡോ.എപി.ജെ അബ്ദുൽ കലാമിന്റെ വീട്ടിലേക്കാണ്. അവിടെ പുതിയൊരു കെട്ടിടമൊക്കെ വന്ന് മ്യൂസിയമാക്കി മാറ്റിയിരിക്കുകയാണ്. ഒരു ജന്മം കൊണ്ട് നേടാൻ കഴിയുമോയെന്ന് സംശയിച്ച് പോകുന്നത്ര സർട്ടിഫിക്കറ്റുകളും അംഗീകാരങ്ങളും ബഹുമതികളും കൂടാതെ 'ഭരതരത്ന'അതിനപ്പുറം പറയേണ്ട തില്ലല്ലോ ഇതൊക്കെ കണ്ടപ്പോഴേക്കും 'അബ്ദുൽകലാമിന്റെ' മഹത്വം ഞങ്ങൾ ശരിക്കുമറിഞ്ഞു. അദ്ദേഹം അവസാനമായി ധരിച്ച കോട്ടും പൈലറ്റ് യൂണിഫോമും കൂടാതെ അദ്ദേഹത്തിന്റെ കഴിവുകൊണ്ട് നിർ മിച്ച മിസൈലുകളുടേയും റോക്കറ്റുകളുടേയുമൊക്കെ വിവരങ്ങളും അവുടെ നിന്ന് അറിയാനും കാണാനും സാധിച്ചു.

കുറേ നേരം ആ മഹാൻെറ വീട് ചുറ്റിക്കണ്ട്,അനുഭവങ്ങളുടെ സമ്പത്തോടെ പുറത്തിറങ്ങി.ആ ചേരിയിൽ നിന്ന് രാജ്യത്തിൻെറ പ്രഥമപൗരനായി മാറിയ അദ്ദേഹത്തെ അംഗീകരിക്കാതിരിക്കാൻ വയ്യ.കുറച്ചപ്പുറത്ത് ഒരു ഷോപ്പിംഗ് മാൾ ഉണ്ടായിരുന്നു,അവിടെനിന്നു ഒരുപാട് സാധനങ്ങൾ വാങ്ങി അരമണിക്കൂറിനു ശേഷം അവിടെ നിന്നും തിരിച്ചു.

അതിനുശേഷം അതിനടുത്തുള്ള ഒരു ക്ഷേത്രത്തിലെത്തി,ശ്രിരാമൻെറ ലങ്കയിലേക്കുള്ള നടപാത.വെള്ളത്തിലിട്ടാൽ പൊങ്ങി കിടക്കിന്ന കല്ലും,കൂറ്റൻ ഹനുമാൻെറ പ്രതാമയും ഞങ്ങളെ അതിശയിപ്പിച്ചു

അതിനുശേഷം ചെറിയ വെള്ളത്ത നിറത്തിലുള്ള ഐതിഹ്യങ്ങൾ ഏറേയുള്ള യെള്ളത്തിലിട്ടാൽ പൊങ്ങി കിടക്കുന്ന കല്ലുകൾ കാണുകയും അവ വെള്ളത്തിതിട്ടു പരീക്ഷിക്കുകയും ചെയ്തു.കല്ലുകളിൽ ഉള്ള പവിഴപ്പുറ്റുകളുടെ സാനിധ്യമാണ് ഇതിനു കാരണം എന്ന് ടീച്ചർ പറഞ്ഞു തന്നു.

സമയം ഉച്ചയായി.അത്യധികം ആഹ്ലാദകരമായി,അതിശയിപിക്കുന്ന വൈവിധ്യമാർന്ന അനുഭങ്ങൽ മനസ്സിൽ നിറച്ചുകൊണ്ട്ഭക്ഷണം കഴിക്കാൻ ഇറങ്ങി രാവിലെ ഭക്ഷണം കഴിക്കാത്തതിനാൽ നല്ല വിശപ്പുണ്ടായിരുന്നു,അതിനാൽ ഞങ്ങൾ ഭക്ഷണം ആസ്വദിച്ചു കഴിച്ചു.ശേഷം മടക്കയാത്രയ്ക്കൊരുങ്ങി.ധനുഷ് കോടിയോടും, രാമേശ്വരത്തോടും യാത്ര പറഞ്ഞ് ഞങ്ങൾ മടക്കയാത്രയ്ക്ക് ഒരുങ്ങി.

വഴിയിൽ പാമ്പൻ പാലത്തോടും,നീണ്ടുനിവർന്നു കിടക്കുന്ന റെയിൽ വെറിയിൽവേസ്റ്റ ഷനോടും ,കടലിനോടുമൊക്കെ യാത്രപറഞ്ഞ് കാഴ്ചകൾ ആസ്വദിച്ച് ഞങ്ങൾ അങ്ങനെ നീങ്ങി. ബസ്സിലെ കലാപരിപാടികൾ ആരംഭിച്ചു. അടുത്ത ലക്ഷ്യ സ്ഥാനം അബ്ദുൾ കലാം സ്മൃതി മണ്ഡപമാണ്. വൈകുന്നേരം ചായക്കുടിച്ച ശേഷം യാത്ര തുടർന്നു.5 മണിയോടെ അവിടെ എത്തി. ഇന്ത്യ കണ്ട ആ മഹാ വ്യക്തിത്വത്തിന് ഇണങ്ങുന്ന ഇന്ത്യ ഗവൺമെൻെറ ഒരുക്കിയ പ്രൗഢഗംഭീരമായ നിർമിതി.'ഭാരതരത്നം 'ഉൾപ്പെടേയുള്ള പുരസ്കാരവും കണ്ടു.അദ്ദേഹത്തിൻെറ മെഴുകു പ്രതിമ ഞങ്ങളെ അതിശയിപ്പിച്ചു.പുറത്തു ഒരു കൂറ്റൻ റോക്കറ്റിന്റെ പ്രതിമ!നല്ല ഭംഗി!അവിടെ എല്ലാം ചുറ്റിക്കണ്ട് പുറത്തിറങ്ങി.എല്ലാരുമൊരുമിച്ചു ഒരു ഫോട്ടോ എടുത്തു.തമിഴ് നാടിനൊടും യാത്ര പറഞ്ഞ് മടക്കയാത്ര ആരംഭച്ചു.

അതോടെ കലാപരിപാടികൾ ആരംഭിച്ചു ,വളരെ ആസ്വാദകരമായ കലാപരപാടികളിലൂടെ പലപലസമ്മാനങ്ങൾ നേടുകയും ചെയ്തു.രാത്രി 9 മണിയോടെ പെട്രോൾ പമ്പിൽ നിർത്തി അവസാനത്തെ ബഡാഖാന കഴിച്ചു.നേരം വൈകുവോളം കളിച്ച ശേഷം പാലാ സ്കൂളാന്റെ ഒരുമയിൽ കിടന്നുറങ്ങി.അങ്ങനെ ഏകദേശം രാവിലെ 5 മണിയോടെ കണ്ണൂരെത്തി .ഏല്ലാവരും ഉറക്കത്തിൽ നിന്നു എഴുന്നേറ്റു.എല്ലാവരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.ഗഫൂർ സാർ ഒരു പേറ്റ് സമ്മാനമായി ലഭിച്ചു.ബസ്സ് തില്ലങ്കേരിയിലേക്ക് നീങ്ങി.



**അദ്വൈത് കെ.10A**





# MOTHER



THE SOUL OF OUR LIFE
THE MOST VALUABLE PERSONALITY IN OUR LIFE
THE REASON BEHIND OUR HAPPINESS
THE REASON BEHIND OUR HEALTH
ABOVE THESE ALL, THE REASON BEHIND OUR LIFE
THERE IS NO MEANING FOR THE LIFE WITHOUT THE LOVE OF MOTHER
THE PERSONALITY WHO ACTS AS A HONEYBEE IN OUR LIFE BY ADDING HONEY TO OUR LIFE
THE DESCRIPTION FOR MOM IS IMPOSSIBLE AS SHE IS OUT OF WORDS
THE HELPER
THE MOTIVATOR
THE TEACHER
REGARDING THANKS TO DEAR MOM

RAFNA
9E

# STREAM GIRL'S LIFE JOURNEY

A small stream was flowing down the hills. A light smile spread on her face on seeing something. She hurried to reach there. Her elder sister, the lake in the valley. She reached there and asked the lake;

“Dear sister, may I stay with you here?”


“What! Who is your sister? I am not.
You thin, dirty one go away without making me messy.”

With broken heart she turned over and started flowing down the valley. Soon she saw a river flowing in a hurry.

Hesitatingly the stream asked the river;

“Oh, brother river, where are you flowing so fast? “

“I'm impatient to reach my mother, the ocean.”




Simultaneously the river asked:
“would you like to join me?”

“Oh sure I do.”
With great ecstasy she grabbed the river's wrist and stated flowing swift.

At last they reached the mother ocean. With the cool wave hands the mother hugged her daughter by giving all of her love.

“Oh my mother.” She wept.

“Why are you sad my dear? I’m here for you. You can stay here with me and your brothers and sisters. Be happy my little one.”
The mother ocean consoled.
Days passed. There arrived a huge drought. All over the world the water bodies were affected seriously.
The lake in the valley is also affected. She begged the gods for a single drop of water.
Suddenly there appeared a dark rain cloud saying;



“Sister, aren’t you thirsty?”

“Yes dear, really I am. Would you please tell me who you are?”
The lake asked.
“It’s me, the thin ,dirty stream girl, whom you chased away on the other day.”Said the cloud calmly.

“Oh I see, please make it fast. I can’t bear it any more!” The lake yelled.

The cloud didn’t waste a second. She started showering her droplets of love over the lake. The lake drank it all up crazily.

Would the lake forget her past when she regains her health? Would she be pride again?

With no concern over these, that sister was keeping on showering the droplets of love on the lake, deeply meditating mother ocean.

- Translated by Chandana
9E

# NATURE

NATURE is the most beautiful gift of god. Birds, animals, plants,rivers, gardens and greenary etc add beauty to the nature. As it is a giftfrom god, we have to take a good care of it. hills, mountains, valleys, forests, etc are also included as a part of nature. Even we are also a major source of it. There are negatives and positives in nature. Nature is our mother. We the money minded blinds, are killing our mother earth. its still not late. We should not let this go on. We should regain the past of our mother, the overuse of the plastics and overthrowing of garbages are disturbing the nature. They are destroying the beauty of our mother. There are many other creatures other than us who are dependant on nature. We should be aware of them also. our careless may lead to a great distruction. Isn't it a very big cruel to kill our mother itself? if yes, then we have to start our work for the conservation of our nature. it's conservation is not only to save other creatures. Join the hands together to conserve nature. Put on our effort to a better future. SAVE NATURE, SAVE FUTURE

HIBA
9E





# VOICE OF THE TREE

It was the noon of a very hot day in high summer. Two best friends Moti and Jyoti were coming back from their school which was at about two kilometres from their village.

Troubled by the hot sun, they looked for some shady tree. Soon they spotted one huge banyan tree just by the way-side.
They rushed towards it and sat around its roots where the shade was the thickest. They unloaded their bags from their shoulders and learned their backs against the tree.

And Moti said to Myoti ; “Look Jyoti this tree is really huge, but it is useless. It has no fruits or flowers, only these long roots”

Jyoti replied; “yes, Moti i do think so.”

The banyan tree was hearing all this. Suddenly the tree shouted; “Hey you children, how can you say like this? I am covering and protecting you from the unbearable hot of the sun. In each and every breath you take ,It’s

the oxygen which I produce. I'm the habitat for many birds, butterflies and many small creatures. I'm the heart beat of the nature. It’s all you humans who are blinded.”

The children realized their fault. They asked the tree for apology and walked away.

..



**Translated by**
**Varun**
9E

# It’s all you Friend

Don’t you remember,
that we played together
catch and hide and seek,
and at last it leads to a fight

But now, we changed.
We parted.
I use to believe that
you were my best friend ever

But how long can the gods,
make us separate,
this meeting is a perfect
example for that

You are my light,
you are my life,
Friend its only you
who made me who i am.




-Fathimath Siya N S

9E

# THOUGHTS



“Education is the strongest weapon which can change the world.”

“you want to dream before your dreams comes true.”

“Do or Die.”

“Believe you can and you are the halfway there.”

“To handle yourself, use your head; to handle others, use your heart.”

“we all need people who will give us feedback. that’s how we improve.”

“The best feature of intelligence is not knowledge but imagination.”

“Learn from yesterday, Live for today, hope for Tomorrow.”

“Do one thing every day that scares you.”

“whether you think you can or you can’t , you’re right.”




# MY SISTER




My sister is my best friend.
She care and loves me as a mother.
She is my life forever.
In her absence i am like a star
without any light.
The greatest gift that god gave me
is my sister

I don’t know what I am without her
because she is my blood.
She is my guide angel.
She could read my mind.
She loves me a lot.
My sister is my best friend.

BY
NIRANJANA.VS
9E

# Issues related to Agriculture

*Agriculture was not a life culture, but life itself in olden days. When times passed new occupations got the place of live hood. Because of several reasons such as lack of land to cultivate, lack of profit from agriculture, lack of status in society, affinity towards white collar jobs etc..made the matter worse.*

*As a result the number of people in this field are withdrawn and the area of land used as farm and field also decreased. Mean white people began to depend on other occupations for their live hood. Several attempts were made by the government such as subsidy, interest less loans to better the situation. Bull all those attempts are proved to be not sufficient to make matters better. So the present curriculum considers this issue as an important one and included in the final list of issue. The curriculum farmers believe that a positive attitude towards agriculture can be developed by including it in the curriculum.*

*- Fathimath Siya N S*

**9E**

# INTERNET

Internet is the major source of the developing world. The world is living through the hands of internet. It has become a life partner of human being.

It has also become a best friend of people. Internet connects us with the whole ends of the world. Throughout internet it is very easy to get information about things extending from earlier history to present. Facebook, Twitter, Whatsapp etc. are major branches of internet. There are both positive and negative sides for Internet. The use of it in the right way can lead us to the positive side of internet whereas its other negative uses may end showing the negative side. Gathering knowledge, know about things happening around us, connecting to a person at a very distance, sharing of various news etc. are different advantages of water. Falling in cruel persons' s trap, sharing of fake news, recieving unnecessary things, spoiling children' s life etc. are different disadvantages of internet.

- HIBA


# ചിത്ര ജാലകം




കാതറിൻ സജി 9E



Asna Hassan 9E



254






അനന്തിക 8E





അഭിന ചന്ദ്രൻ 8C

# PRECIOUS PEARL

Water is indispensable for all area of existence. More than eighty countries, with forty percentage of the world’s population, are already facing water shortages. The worth of water in rivers and underground has got worse, due to toxic waste from cities, industry and agriculture. No living thing on the earth could survive without water. Water is precious. Water is the basic necessity for the functioning of all life form that exist on earth. We cannot lead our day to day life without water. We need water not only for drinking but also for our day to day life processes like bathing, cooking, cleaning and washing so on. We cannot imagine a life without water. Conservation of water is important for our goodness and for the future to come. We need to take initiatives to save water whether there is scarcity or not. All of us must prevent the water pollution together, because if we pollute water it means we are killing ourself. Scientists says that the world will face a great scarcity of water in the future. There may happen a war for water in future. The overuse of water is main reason for the scarcity of water. Water can be conserved mainly through domestic ways. There should be steps taken to conserve water. **SAVE WATER FOR A BETTER FUTURE...**

AISWARYA.P
9E



# വിഘ്നേശ്വര വിഗ്രഹവും

# മാന്ത്രിക കണ്ണാടിയും

അങ്ങകലെ ലക്ഷ്മീപുരം എന്നൊരു ഗ്രാമമുണ്ടായിരുന്നു ആ ഗ്രാമത്തിൽ വിശ്വാസികളായ ഒരുപാട് ജനങ്ങൾ താമസിച്ചിരുന്നു. ഈ ഗ്രാമപ്രദേശത്ത് ഒരു കുന്നിൻമുകളിലായി ഒരു ചെറിയ കുടിലിൽ ഒരു കർഷകനും ഭാര്യയും താമസിച്ചിരുന്നു.ദാരിദ്ര്യത്തിന്റെയും കഷ്ടതയുടെയും പടുകുഴിയിൽ ആഴ്ന്നുപോയവരായിരുന്ന അവർ നന്മയുള്ളവരായിരുന്നു.അവർക്ക് മക്കളുണ്ടായിരുന്നില്ല അതിനായി മക്കളുണ്ടാകുവാൻ അമ്പലങ്ങളിൽ നേർച്ചയും വഴിപാടും നടത്തി പക്ഷെ ഫലമുണ്ടായിരുന്നില്ല.കർഷകൻ എന്നും രാവിലെ സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ വയലിൽ പണിചെയ്യും. അതിലൂടെയാണ് ഓരോ ദിവസവും ജീവിക്കേണ്ട വക കണ്ടെത്തുക.

ഒരു ദിവസം പതിവുപോലെ കർഷകൻ പാടത്തേക്ക് പോയി ജോലി

ആരംഭിച്ചു. വെയിലിന്റെ ചൂട് വർദ്ധിച്ചു വന്നു. തൂമ്പ കൊണ്ട്കിളച്ചു കൊണ്ടിരിക്കെ പ്ഠോം!പ്ഠോം! എന്നൊരു ശബ്ദം എന്താണെന്നറിയാൻ അവിടെ ആഴത്തിൽ കുഴിച്ചു ശബ്ദം കൂടിക്കൂടി വന്നു എന്താണെന്നറിയാൻ ആകാംക്ഷ കൂടിവന്നു തൂമ്പ കൂടുതൽ ഉയർത്തി വെട്ടി. പെട്ടന്ന് മുഖത്തേക്ക് ഒരു പ്രകാശം പതിച്ചു നോക്കുമ്പോൾ അതൊരു കണ്ണാടിയായിരുന്നു. ആ കണ്ണാടിക്കൊരു പ്രത്യേകത കണ്ടു ആ കണ്ണാടിയിൽ നോക്കുമ്പോൾ തന്റെ മുഖമല്ല കാണുന്നത്. മറിച്ച് ഒരു ഗണപതിയുടെ വിഗ്രഹം. കണ്ണാടി മാറ്റിവയ്ക്കുവെ അതിനടിയിൽ കണ്ണാടിയിൽ കണ്ട ഗണപതി വിഗ്രഹം ബുദ്ധിമാനായ കർഷകൻ കണ്ണാടിയുടെ പ്രത്യേകത പിടികിട്ടി

കണ്ണാടിയുടെമുന്നിലുള്ള വസ്തുവിന്റെ പ്രതിബിംബമല്ല കണ്ണാടിൽ തെളിയുന്നത് മറിച്ച്കണ്ണാടിയുടെ പുറകിലുള്ള വസ്തുവിന്റെ പ്രതിബിംബമാണ് തെളിയുന്നത്. കർഷകൻ വീട്ടിലേക്കോടിപ്പോയി ഭാര്യയോട് നടന്ന സംഭവം പറഞ്ഞു അതുകേട്ട് ഭാര്യ അമ്പരന്നു. ആ വിഗ്രഹം സ്വന്തമാക്കാതെ അത് അമ്പലത്തിലേക്ക് പൂജയ്ക്കായി നൽകി അവർ അമ്പലത്തിൽനിന്ന് തിരിച്ചു വരുമ്പോൾ കണ്ണാടിയിൽ സ്വർണ്ണനാണയത്തിന്റെ പ്രതിബിംബം കണ്ണാടി മാറ്റിവച്ചപ്പോൾ അതിനടിയിൽ നിറയെ സ്വർണ്ണനാണയങ്ങൾ കണ്ട് അവർ അമ്പരന്നു! അങ്ങനെ അവർ ധനികനായിട്ടും കർഷകൻ കൃഷിനിർത്തിയില്ല. പാവങ്ങളെ നല്ലതുപോലെ സഹായിച്ചു. വൈകാതെ അവർക്ക് ഒരു കുട്ടി പിറന്നു അവന് അവർ വിഘ്നേശ്വരൻ എന്ന് പേരിട്ടു. അങ്ങനെ പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ ജീവിച്ചു

ദിയ ദാസ്

**8C**

# സ്ക്കൂൾ ക്ലബ്ബുകൾ

## ലിറ്റിൽകൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഉദ്ഘാടനം 19/06/2019 പി.ടി.എ പ്രസിഡന്റ് ശ്രീ വിനോദ് വി.വി, ഹെഡ് മിസ്ട്രസ് ശ്രീമതി .കെ ആർ വിനോദിനിയുടെ അധ്യക്ഷതയിൽ നിർവഹിച്ചു.30 അംഗങ്ങളാണ് ക്ലബ്ബിലുള്ളത് തുടർന്ന് രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസും നടത്തി.അംഗങ്ങൾക്കുള്ള ഏകദിന ശിൽപശാല 26/06/2018 നടത്തി. ഹൈടെക് സ്കൂൾ പരിപാലനവുമായി ബന്ധപ്പെട്ട് സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കുള്ള ക്ലാസ് നടത്തുകയുണ്ടായി. . എല്ലാ ബുധനാഴ്ചയിലേയും ക്ലാസ്സുകൾ കൃത്യമായി നടക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് കുട്ടികളെ നയിക്കുന്നതിന് ക്ലബിന് സാധിച്ചു. സബ് ജില്ലാ തല ക്യാമ്പിൽ മികച്ച നിലവാരം പുലർത്താൻ അംഗങ്ങൾക്ക് സാധിച്ചു .

## സയൻസ് ക്ലബ്ബ്

**2019-20** അദ്ധ്യായന വർഷത്തെ ഹൈസ്കൂൾ തലം സയൻസ് ക്ലബ്ബിന്റെ പ്രവർത്തന റിപ്പോർട്ട്.

**29-06-2019**-ന് സയൻസ് ക്ലബ്ബ് രൂപീകരണം നടത്തുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ വ്യാഴാഴ്ചയും **1.30** ന് സ്മാർട്ട് റൂമിൽ വച്ച് സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുവാൻ



തീരുമാനിച്ചു. സയൻസ് ലാബിൽ ഒരു ടാലെന്റ് കോർണർ ഒരുക്കി കുട്ടികളുടെ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. സബ് ജില്ലാ , ജില്ലാ ശാസ്ത്ര മേളകളിൽ നിരവധി സമ്മാനങ്ങൾ നേടുന്നതിന് ക്ലബ് അംഗങ്ങൾക്ക് സാധിച്ചു . ചാന്ദ്രയാൻ ദിനം വിപുലമായി ആഘോഷിച്ചു .ക്ലബ്ബിന്റെ നേതൃത്വത്തിൽ പോസ്റ്റർ രചന, ഉപന്യാസം, ക്വിസ് മത്സരങ്ങൾ നടത്തുകയുണ്ടായി .

## വിദ്യാരംഗം കലാ സാഹിത്യ വേദി

2019 -20 ലേ വിദ്യാരംഗം കലാ സാഹിത്യവേദി പി.ടി.എ പ്രസിഡന്റ് വി.വി വിനോദ് ഉദ്ഘാടനം ചെയ്തു.ഹെഡ്മിസ്റ്ററിസ് കെ.ആർ വിനോദിനി അധ്യക്ഷത വഹിച്ചു .

വായനാപക്ഷാചരണത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ നടത്തിയ സ്കൂൾതല സാഹിത്യ പ്രശ്നോത്തരിയിൽ നാല്പതോളം കുട്ടികൾ പങ്കെടുത്തു.

2019 ജൂലായ് ഒൻപതിന് കാക്കയങ്ങാട് ജനകീയ വായന ശാലയുടെയും സംയുക്താഭിമുഖ്യത്തിൽ എഴുത്തുപ്പെട്ടി സ്ഥാപിക്കലും അക്ഷരഭിക്ഷയും നടത്തി. പി.ടി.എ പ്രസിഡന്റ് വി.വി വിനോദ് ഉദ്ഘാടനം ചെയ്തു.സ്റ്റാഫ് സെക്രട്ടറി ഗിരീഷ് ബാല അധ്യക്ഷനായിരുന്നു.പ്രധാന അധ്യാപിക കെ.ആർ വിനോദി എഴുത്തുപെട്ടി ഏറ്റുവാങ്ങി.അക്ഷരഭിക്ഷ പ്രിൻസിപ്പാൾ ശ്രീ.പി.രവീന്ദ്രൻ നിർവഹിച്ചു.ഗഫൂർ മാസ്റ്റർ ,സുജിത ടീച്ചർ ,ഗിരീഷ് എന്നിവർ സംസാരിച്ചു.2019 സെപ്തംബർ 20 വ്യാഴാഴ്ച്ച പാല സ്കൂളിൽ നടത്തിയ ഏക ദിന നാടക പഠനകളരി വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി.പ്രശസ്ത ഫിലിം ആർട്ടിസ്റ്റ് റോബിൻ വർഗീസാണ് ക്ലാസ് നയിച്ചത്.യു.പി.,ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി അമ്പതോളം

വിദ്യാർത്ഥികൾ പഠന കളരിയിൽ പങ്കെടുത്തു.വാർഡ് മെമ്പർ സജീവൻ കളരി ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് വി.വി.വിനോദ് അദ്ധ്യക്ഷനായിരുന്നു.പ്രധാനാധ്യാപിക കെ.ആർ വിനോദിനി സ്വാഗതവും ഗിരീഷ് ബാല നന്ദിയും പറഞ്ഞു.ജി.എച്ച്.എസ്.എസ് പാലയിലെ വിദ്യാരംഗം സർഗ്ഗാത്മക പ്രവർത്തനങ്ങളുമായി വിദ്യാർത്ഥികൾക്ക് ഇടയിൽസജീവമാവുകയാണ്.കലുഷിതമായ സാമൂഹികാന്തരീക്ഷത്തിനെതിരെ എങ്ങനെ സർഗ്ഗാത്മകമായ പ്രതിരോധം തീർക്കാം എന്ന ചിന്തയാണ് ഇടപെടലുകൾ ക്രിയാത്മകമാകാൻ സഹായിക്കുന്നത്.ഇത്തരം ഇടപെടലുകളിൽ കൂടി വിദ്യാർത്ഥികളുടെ സർ ഗ്ഗാത്മകത പരിപോഷിപ്പിക്കുകയാണ് വിദ്യാരംഗം അതിന്റെ പ്രവർ ത്തനങ്ങളിലൂടെ സാധ്യമാക്കുന്നത്.

## ഗണിതശാസ്ത്ര ക്ലബ്ബ്

ഗണിതശാസ്ത്ര മേളയിലെ ഇനങ്ങളായ ജ്യോമെടിക് ചാർട്ട് ,നമ്പർചാർട്ട്, അദർചാർട്ട്, പ്യുവർ കൺസ്ട്രക്ഷൻ,പസ്സിൽ, ഗെയിം ,സ്റ്റിൽ മോഡൽ എന്നിവയെ പ്രാക്ടീസ് നടത്തുകയും സ്കൂൾതല മത്സരവും നടത്തി സബ് ജില്ലകളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്തു. മാത് സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശ്രീ ഷാജി മാസ്റ്ററിന്റെ നേതൃത്ത്വത്തിൽ ക്ലബ്ബിലെ കുട്ടികൾ ക്കായി ഒരു ഏകദിന ശില്പശാല നടത്തി. സ്കൂൾ തല ക്വിസ് മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി,സബ്ജില്ലാ മത്സരത്തിനായി ഒരുക്കി. ഗണിത മാഗസീൻ നിർമ്മിച്ചു. ഭാസ്കരാചാര്യ സെമിനാർ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുകയും സബ്ജില്ലാ തലത്തിൽ പങ്കെടുക്കാൻ ഒരു കുട്ടിയെ തിരഞ്ഞെടുത്തു.

## English club

English club was organised in government higher secondary school Pala. Club co-ordinator is Shalini teacher. There are 45 members in the club.

Some of the student were participated in the district level role play competition .On the anti-Drug day Competition were held in poster making and speech. It is one of the active club in the school. Teachers encouraged the students to make the club as the fabulous club. The participates in this club are engaged in the activities related to school and they work for the unity and integrity of the society

## ഉറവ പരിസ്ഥിതി ക്ലബ്ബ്

### ചക്ക മഹോത്സവം



നാട്ടുഭക്ഷണം നല്ല ഭക്ഷണം എന്ന സന്ദേശവുമായി പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇരിട്ടി ഗ്രീൻ ലീഫിന്റെ സഹകരണത്തോടെ അഞ്ചാമത് ചക്ക മഹോത്സവം സംഘടിപ്പിച്ചു.

പ്രീപ്രൈമറി മുതൽ പത്താംതരം വരെ എല്ലാ ക്ലാസ്സിലെ കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കിയ 1200 ലധികം വിഭവങ്ങൾ പ്രദർശിപ്പിച്ചു . മുന്നൂറോളം വ്യത്യസ്ത ഇനങ്ങളിൽ പെട്ട വിഭവങ്ങൾ ഉണ്ടായിരുന്നു . ചക്കയുടെ പ്രാധാന്യം വിളിച്ചോതുന്ന പോസ്റ്റർപ്രദർശനം, ചക്ക പാട്ടുകളുടെ അവതരണം എന്നിവയും നടന്നു. സംസ്ഥാനത്തുതന്നെ വേറിട്ട മഹോത്സവമായി ഇത് മാറി

പാല ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ അതിവിഷിശ്ഠമായ ഒരു ക്ലബ്ബാണ് 'ഉറവ' പരിസ്ഥിതി ക്ലബ്ബ്. കേവലം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രവർത്തങ്ങളല്ല ഉറവയുടേത്, പകരം പ്രകൃതിയിലേക്കും പ്രകൃതിയിലെ ഓരോ ഏടുകളിലേക്കും ഇറങ്ങിചെല്ലുകയും, അവയെ മനസ്സിലാക്കുകയും സംരക്ഷിക്കുകയുമാണ് ഉറവ.

'ആഗോളതാപനം-പ്രതിവിതി മരം'എന്നി വിഷയത്തിലുള്ള കംമ്പ്യൂട്ടറയിസ്ഡ് ബോധവത്കരണ ക്ലാസ്സോടു കൂടിയായിരുന്നു ഉറവയുടെ ആരംഭം.ഉടർന്ന് പുഴയെ അറിയാൻ എന്ന മഴനടത്തവും,മൈത്രി ഭവൻ എന്ന

മനസ്സിൽ നന്മയുള്ള രണ്ടാം ബാല്യക്കാരുടെ വാസസ്ഥലവും,പൈതൃകം ഉറങ്ങി കിടക്കുന്ന പഴശ്ശിരാജ കളരി അക്കാദമിയും സന്ദർഷിച്ചു. ഹിറോഷിമ ദിനത്തിന്റെ ഭാഗമായി ആയിരം സഡാക്കോ കൊക്കുകളെ ഉണ്ടാക്കി, ജനുവരി 11 നു കണ്ണൂരിന്റെ കുടിവെള്ളത്തിൽ ഭാഗമാകുന്ന , മാനവ പ്രവർത്തനത്താൽ മലിനമായിക്കൊണ്ടിരിക്കുന്ന പാലപ്പുഴ ശുചിയാക്കി .

പ്രകൃതിയെ അറിയാനും പ്രകൃതിയിൽ അലിയാനുമുള്ള ഏറ്റവുംനല്ല മാർഗമാണ്ഉറവ....

## സാമൂഹ്യശാസ്ത്ര ക്ലബ്ബ്

ഈ വർഷത്തെ  [2019-20] പ്രധാന നേട്ടങ്ങൾ

. ഇരിട്ടി ഉപജില്ല സാമൂഹ്യശാസ്ത്ര ക്വിസിൽ രണ്ടാം സ്ഥാനം,കണ്ണൂർ ജില്ല സാമൂഹ്യശാസ്ത്ര ക്വിസ് മൂന്നാം സ്ഥാനം -അഭിജിത്ത് പി .സ്

. ഇരിട്ടി ഉപജില്ല സാമൂഹ്യശാസ്ത്ര മേള

. സ്റ്റിൽ മോഡൽ ഒന്നാം സ്ഥാനം - ശ്രേയ എൻ. റാം ,നിവേദ്യ എസ്. നമ്പ്യാർ


.അറ്റ്ലസ്  നിർമ്മാണംഒന്നാം സ്ഥാനം-കാതറിൻ സജി

. പ്രാദേശിക ചരിത്ര രചന-എ ഗ്രേഡ്-ശ്രാവണ

. വർക്കിംഗ് മോഡൽ-എ ഗ്രേഡ്

. പ്രസംഗം-എ ഗ്രേഡ്

. ഇരിട്ടി ഉപജില്ല സാമൂഹ്യശാസ്ത്ര മേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്



.

## അറബിക് ക്ലബ്

2019 – 20 അധ്യയന വർഷത്തെ അറബിക് ക്ലബ് രൂപീകരണം ജൂലൈ 16 ന് നടന്നു. അറബി ഒന്നാം ഭാഷയായി എടുത്തു പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാഷാപരമായ നൈപുണികളുടെ പുരോഗതിക്കായി അറബി ക്ലബ് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു . ഓരോ ക്ലാസ്സിൽ നിന്നും പ്രതിനിധികളെയും, ക്ലബ് കൺവീനറായി ജുമാന എം നെയും തിരഞ്ഞെടുത്തു. സബ് ജില്ലാ  സ്കൂൾ കലോത്സവത്തിന് മികച്ച പ്രകടനം നടത്താൻ ക്ലബ് അംഗങ്ങൾക്ക് സാധിച്ചു

# ***Missing of my village***

***One day I went to my village after a long time. I saw my old friends and my old parents. I just meant that my parents whom cared me than my real parents. I left them because I went to my higher studies. I was not at all happy to leave them, But my parents want to reach their dreams by me. Now i am a doctor. My villagers were very happy by hearing this news. But my parents wish me to work abroad. I want to consult my villagers and the patients that who comes for my consult. I really hate my parents because they were don't like me for consult here. My higher studies in America, because my parents are very rich. But in my village there are so many children don't get education, because they are not rich. Then i decided to give my money to educate the children. My parents addict in money. Their dream is get money by me. I decide one thing i don't leave from my village. Because it is my life and it is my family.***

***BY: ASNA HASSAN A.K***
***FATHIMATH SIYA***

# അത്യാഗ്രഹം ആപത്ത്

ഒരു ഗ്രാമത്തിൽ രാമൻ എന്നും കൃഷ്ണൻ എന്നും പേരുള്ള ദരിദ്രരായ രണ്ട് കർഷകർ ഉണ്ടായിരുന്നു. അവർ അടുത്തടുത്ത വീട്ടിലാണ് താമസം. രണ്ടാളും അവരുടെ ഭാര്യമാരും ,മക്കളും നല്ല സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം രാമൻ നിലം ഉഴുതു കൊണ്ടിരിക്കുമ്പോൾ അയാൾക്ക് ഒരു കുടം കിട്ടി. അയാൾ അത് എടുത്ത് വീട്ടിലേക്ക് പോയി. അയാളുടെ ഭാര്യയെ കാണിച്ചു. അധ്വാനിക്കാതെ കിട്ടിയ ഒരു സൗഭാഗ്യവും നമുക്ക് വേണ്ട.ഇത് കിട്ടയ സ്ഥലത്ത് തന്നെ തിരിച്ച് വെക്കണം. ഇത് കേട്ട അയാൾ അത് കിട്ടിയ സ്ഥലത്ത് തന്നെ കുഴിച്ചിട്ടു. അന്ന് രാത്രി ഉറങ്ങാൻ കിടന്ന രാമൻ ഒരു സ്വപ്നം കണ്ടു. തന്റെ കൃഷിയിടത്തിൽ നല്ല വണ്ണം വിളവെടുക്കുന്നത് . നേരം പുലർന്നപ്പോൾ രാമൻ തന്റെ ഭാര്യയേയും കൂട്ടി കൃഷി സ്ഥലത്ത് നല്ല വണ്ണം വിത്തിറക്കി. കൃഷി ചെയ്തു നല്ല വണ്ണം സ്വത്ത് സമ്പാദിച്ചു.ഇത് കണ്ട് കൃഷ്ണൻ തന്റെ ഭാര്യയെ രാമന്റെ ഭാര്യയുടെ അടുക്കലേക്ക് അയച്ച് സത്യാവസ്ഥ മനസ്സിലാക്കി. കൃഷ്ണൻ തന്റെ കൃഷിയിടത്തിൽ പോയി നല്ല വണ്ണം ഉഴുതു മറിച്ച് കഴിഞ്ഞപ്പോൾ ഒരു കുടം അയാൾ അതെടുത്ത് വീട്ടിൽ പോയി തന്റെ ഭാര്യയെ കാണിച്ചു അപ്പോൾ അത്യാഗ്രഹിയായ ഭാര്യ പറഞ്ഞു. കുടം തുറക്ക് അതിനകത്ത് എന്താണ് ഉള്ളതെന്ന് നോക്കാം. കുടം തുറന്നതും അതിൽ നിന്ന് എന്ത് പുറഞ്ഞാലും വിവരീതഫലം വരുന്ന ഒരു ഭൂതം പുറത്ത് വന്നു. 1000 വർഷമായി ഞാൻ ഈ കുടത്തിനുള്ളിൽ താമസിക്കുന്നു. എന്റെ സ്വാതന്ത്ര്നാക്കിയ നിങ്ങൾക്ക് എന്താണ് വേണ്ടത്. ഇത് കേട്ട കൃഷ്ണൻ ഒന്നും ചിന്തിക്കാതെ ഭൂതത്തിനോട് വരം ചോദിച്ചു. എനിക്ക് ഇതിലും നല്ല വീടും , കൃഷിയിടവും സ്വർണവും എന്റെ കുടുംബത്തിന് നല്ല സൗന്ദര്യവും വേണം ഉടൻ തന്നെ ഭൂതം അതു പോലെ വരം കൊടുത്തു. പക്ഷേ എന്ത് പറഞ്ഞാലും വിപരീതം സംഭവിക്കുന്ന ഭൂതത്തിന്റെ നാക്ക് ഇവിടെയും അത് തന്നെ സംഭവിച്ചു. കൃഷ്ണന്റെ കൃഷിയും, സ്വത്തും ,വീടും എല്ലാം ഉള്ളതിലും മോശമായി കൃഷ്ണനും ഭാര്യയും കുട്ടികളും വികൃതരും വിരൂപരുമായി . എന്നിട്ട് അവർ അന്ന് രാത്രി തന്നെ നാട് വിടുകയും ചെയ്തു.

**ഗുണപാഠം :അത്യാഗ്രഹം ആപത്ത്**

**അസ്ന ഹസ്സൻ 9E**

# ആരോഗ്യമുള്ള നല്ലൊരു നാളെക്കായി.....







**നല്ല ആരോഗ്യമാണ്** ഏറ്റവും നല്ല സമ്പത്ത്. എല്ലാ ജീവജാലങ്ങൾക്കും ദൈവം കനിഞ്ഞു നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണിത്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സുണ്ടാകും വ്യായാമങ്ങളിലൂടെയും നല്ല ഭക്ഷണങ്ങളിലൂടെയുമാണ് നല്ല ആരോഗ്യം ഉണ്ടാക്കിയെടുക്കാൻ സാധിക്കുക.

നമ്മുടെ ആരോഗ്യത്തിന് പ്രശ്നങ്ങൾ വിത-ക്കുന്ന ജംഗ് ഫുഡുകൾ ഒഴിവാക്കി പകരം സ്വന്തം പച്ചക്കറി തോട്ടത്തിലെ ഭക്ഷണം കഴിക്കുന്നത് വഴി നല്ല ആരോഗ്യം നിലനിർത്തുവാൻ സാധിക്കും.

വിഷമില്ലാത്ത സ്വന്തം പച്ചക്കറിത്തോട്ടത്തിലെ വിഭവങ്ങളാണ് നമ്മുടെ ശരീരത്തിന് ഉചിതമായത്. എല്ലുമുറിയെ പണിത് പല്ലുമുറിയെ തിന്നുന്നവരായിരുന്നു നമ്മുടെ പൂർവികർ. അതുകൊണ്ട് തന്നെ വളരെ നല്ല ആരോഗ്യവാൻമാരായിരുന്നു അവർ. അതു പോലെ തന്നെ സ്വന്തം പറമ്പിൽ അധ്വാനിച്ച് ലഭിക്കുന്നവ ഭക്ഷിക്കുന്ന രീതി പിൻപറ്റുവാൻ നമുക്ക് സാധിക്കണം.



ഫർഹ മുഹമ്മദ്

# HAPPINESS



The whole world hopes for happiness. It cannot be made by a machine but it can be by loving each other. We get happiness from various ways such as love from our parents, days with our friends etc...We would get happiness silly things such as giving a small gift. The thing which destroys our happiness is silly little fault from us. We are enjoying happiness. But there is no happiness for many people in the world. Because many people are suffering from poverty, disease, without family, job, money etc...We said above that we would get happiness by loving each other , it is a true statement because we can give happiness to some one such as giving food, dresses, money etc... also by helping hands.







FATHIMATHUL FIDA. M
9E

# ക്യാമറ കണ്ണിലൂടെ...














Digital Pookalam



One day tour Kozhikode














2018-7-4 09:57


2018-11-8 15:19




വിമുക്തി









# നന്ദി



കാലത്തിന്റെ നേർത്ത വക്കിലൂടെ ഓടി നടന്ന് ഒരു സംരംഭം പൂർത്തിയാക്കിയിരിക്കുന്നു. തിക്കും തിരക്കും തടസ്സമായി വന്നപ്പോഴൊക്കെ ഊർജ്ജസ്വലരായ കുഞ്ഞുമനസ്സുകൾക്കൊപ്പം ശക്തമായി പ്രതിഷേധിച്ചു......... കൂടെ നിന്ന് ആശയങ്ങൾ അക്ഷരങ്ങൾ വരകൾ അഭിപ്രായങ്ങൾ സന്ദേശങ്ങൾ ആശംസകൾ നൽകിയ എല്ലാ നല്ല മനസ്സുകൾക്കും നന്ദി............. സങ്കല്പങ്ങൾ നിറഭേദങ്ങൾ അണിഞ്ഞു നിൽക്കുന്ന ഈ വേളയിൽ കലയെ അറിയുവാനും , പ്രോത്സാഹിക്കുവാനും, പ്രണയിക്കുവാനും ഞങ്ങൾ നടത്തിയ ഈ ശ്രമത്തിൽ കുറച്ചു കലാ സൃഷ്ടികൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ഞങ്ങൾ നടത്തിയ ഈ എളിയ ശ്രമത്തെ പൂർണ മനസ്സോടെ പ്രോത്സാഹിപ്പിക്കുമല്ലോ......

ഈ യാത്രക്കൊടുവിൽ ഞങ്ങളുടെ കൊച്ചു ഭാവനയിൽ രൂപപ്പെട്ട ഈ കലാ സൃഷ്ടികളിലെ തെറ്റു കുറ്റങ്ങൾ സദയം പൊറുക്കുമല്ലോ........

നന്ദി .......നന്ദി......ഒരായിരം നന്ദി.......




നൂപുരം ഡിജിറ്റൽ മാഗസിൻ
ജി എച്ച് എസ് എസ് പാല 2019-20

